## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *403 — 20.07.2015 -ലെ മറുപടിയ്ക്ക്

## റൂസ ഫണ്ട്

**ചോദ്യം**

ശ്രീ. ജി. സുധാകരൻ
,, എം. എ. ബേബി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബാബു എം. പാലിശ്ശേരി

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) ഫണ്ട് ലഭ്യമാക്കുന്നതിൽ സംസ്ഥാനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ; | (എ) | റൂസ ഫണ്ട് ലഭ്യമാക്കുന്നതിൽ സംസ്ഥാനത്തിന് വീഴ്ച സംഭവിച്ചിട്ടില്ല. |
| (ബി) | റൂസ ഫണ്ട് ലഭിക്കുന്നതിനുള്ള റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായോ; | (ബി) | ഇല്ല. |
| (സി) | സ്വകാര്യ- സ്വാശ്രയ സ്ഥാപനങ്ങൾക്ക് റൂസ ഫണ്ട് നൽകുന്നുണ്ടോ ; സംസ്ഥാനത്തെ റൂസ ഫണ്ട് വിനിയോഗം സംബന്ധിച്ച് വിശദമാക്കാമോ? | (സി) | ഇല്ല.<br><br>റൂസയ്ക്ക് വേണ്ടിയുള്ള സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്രവിഹിതമായ 2.60 കോടി രൂപയാണ് സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുള്ളത്. ഈ തുക റൂസയ്ക്ക് വേണ്ടിയുള്ള ട്രഷറി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ 140 ലക്ഷം രൂപ റൂസയ്ക്ക് വേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിൽ 12 ലക്ഷം രൂപ റൂസ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ